**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **17-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണവും ക്ഷാമബത്ത കുടിശ്ശികയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ; | (എ) | ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്. |
| (ബി) | ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കാൻ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്. |
| (സി) | ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കുന്നതിന് പകരം ഉദ്യോഗസ്ഥരെ മാത്രം ചുമതലപ്പെടുത്തിക്കൊണ്ട് ശമ്പളപരിഷ്കരണ നടപടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്. |
| (ഡി) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശിക സമയബന്ധിതമായി നൽകുന്ന വിഷയത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച ക്ഷാമബത്തകളിൽ അനുവദിച്ച് നൽകേണ്ടിയിരുന്ന മുൻകാല പ്രാബല്യം നൽകാത്തത് മൂലം ഉണ്ടായ ധനനഷ്ടം പരിഹരിച്ച് യഥാസമയം കുടിശ്ശിക ഉൾപ്പെടെ നൽകുന്ന കാര്യം സർക്കാർ | (ഇ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | പരിശോധിക്കുമോ; അനുകൂലമായ നിലപാട് സ്വീകരിക്കുമോ; | | |
| (എഫ്) | ഇത്തരത്തിൽ ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത കുടിശ്ശിക യഥാസമയം മുൻകാല പ്രാബല്യത്തോടെ നൽകാത്തത് കൊണ്ട് സർക്കാരിനുണ്ടായ സാമ്പത്തിക ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും/ പെൻഷൻകാരുടെയും ക്ഷാമബത്ത/ക്ഷാമാശ്വാസം കുടിശ്ശിക സംബന്ധിച്ച തുക കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ